(സി) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ പഞ്ചിംഗ് സമ്പ്രദായം നിലവിലുണ്ട്. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്ക് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്കും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) സർക്കാർ സർവ്വീസിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഇപ്പോൾ മാത്രമാണ് തീരുമാനം എടുത്തത്.

237 (2306) തിരുവനന്തപുരം ദൂരദർശൻ മലയാള പരിപാടികളുടെ സമയം കുറച്ച നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ദൂരദർശനിൽ നിന്നുള്ള പരിപാടികൾ രാത്രി 8.30 വരെ ഉണ്ടായിരുന്നത് 8 മണി വരെയായി കുറച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഞായറാഴ്ച ദിവസങ്ങളിലെ വാർത്തകൾ രാത്രി 7 മണിക്ക് ഉള്ളത് ഒരു ഹിന്ദി സീരിയലിനുവേണ്ടി 6.30 ന് മാറ്റി സംപ്രേക്ഷണം ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ സ്വകാര്യ ചാനലുകളിൽ ദിവസവും രാത്രി 7 മണിക്ക് അരമണിക്കൂർ സമയം ഉൾപ്പെടെ 6 പ്രാവശ്യമെങ്കിലും മലയാള വാർത്തകൾ സംപ്രേക്ഷണം ചെയ്യുന്നുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് തിരുവനന്തപുരം ദൂരദർശൻ സംപ്രേക്ഷണം ചെയ്യുന്ന വാർത്തയുടെ സമയം ദീർഘിപ്പിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) തിരുവനന്തപുരം ദൂരദർശനിൽ ഡി.ഡി.1 ലെ പരിപാടികളിൽ രാവിലെ മലയാളം വാർത്ത ഉൾപ്പെടുത്തുവാനും രാത്രി 7 മണിക്കുള്ള വാർത്ത 30 മിനിട്ടായി ദീർഘിപ്പിക്കാനുംവേണ്ടി കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ;

(ഇ) ദൂരദർശൻ പൊതുവെ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ കേരളസർക്കാർ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)& (ബി) ഉണ്ട്.

(സി) 2000 ഏപ്രിൽ 14 മുതൽ മലയാളവാർത്ത, ദൂരദർശൻ ഡി.ഡി. 4 -ൽ തുടങ്ങുന്നതിനുള്ള പ്രാരംഭവാർത്താപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

(ഡി)&(ഇ) ഇത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly